⇨ *ജനകീയ സമരങ്ങളിൽ ഒരു അന്തർധാരയായി ഗാന്ധി ദർശനങ്ങൾ വികസിച്ചുവരുന്നുണ്ട്* ⇨

# മേളകഴിഞ്ഞു, സർവ്വോദയം എവിടെ?

1948 ഫെബ്രുവരി 12ന് ഗാന്ധിജിയുടെ ചിതാഭസ്മത്തിലൊരംശം നിളാ നദിയിൽ നിമജ്ജനം ചെയ്തതിന്റെ ഓർമ്മയ്ക്കായി തിരുന്നാവായയിൽ എല്ലാവർഷവും ഒത്തുചേർന്ന് സർവ്വോദയ മേള നടത്താറുള്ള കേരളത്തിലെ ഗാന്ധിയൻ പ്രവർത്തകർക്ക് എന്ത് പ്രതിഫലനമാണ് സൃഷ്ടിക്കാൻ കഴിയുന്നത്?

**പ്രത്യേക ലേഖകൻ**

**പതിവുപോലെ** ഇത്തവണയും ഫെബ്രുവരി 12ന് നിളാനദിക്കരയിലുള്ള തിരുന്നാവായയിലെ ഗാന്ധിപ്രതിമയുടെ അടുത്തേക്ക് തവന്നൂരിൽ നിന്ന് ശാന്തിയാത്രയും ഗാന്ധിപപ്രതിമയിൽ മാല്യാർപ്പണവും നടന്നു. ഫെബ്രുവരി 9മുതൽ തവന്നൂർ ശാന്തികുടിതീരത്തിനു സമീപം ഖാദിഗ്രാമ വ്യവസായ പ്രദർശനവും വിവിധ വിഷയങ്ങളെപ്പറ്റിയുള്ള സമ്മേളനങ്ങളും, വൈകുന്നേരങ്ങളിൽ കലാപരിപാടികളും അരങ്ങേറി. ധാരാളമാളുകൾ ഇടതടവില്ലാതെ പ്രസംഗിച്ചു. കുറച്ചാളുകൾ പ്രസംഗം കേട്ടു. എല്ലാവരും ഫെബ്രുവരി 12ന് വൈകുന്നേരത്തോടെ മടങ്ങി.

സർവ്വോദയമേള എല്ലാ വർഷവും ഇങ്ങനെയൊക്കെയാണ് നടക്കാറുള്ളത്. മുമ്പൊക്കെ ആളുകളുടെ പങ്കാളിത്തവും കൂട്ടായ്മയും കൂടുതലുണ്ടായിരുന്നു. അന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന സർവ്വോദയ പ്രവർത്തകർക്ക് പങ്കുവെയ്ക്കാൻ പ്രവർത്തനാനുഭവങ്ങൾ ഏറെയുണ്ടായിരുന്നു. ഭാവിയെക്കുറിച്ച് സ്വപ്നങ്ങൾ നെയ്യാനുള്ള ആത്മവിശ്വാസമുണ്ടായിരുന്നു.

1948 ഫെബ്രുവരി 12നാണ് ഗാന്ധിജിയുടെ ചിതാഭസ്മയത്തിലൊരംശം നിളാ നദിയിൽ നിമജ്ജനം ചെയ്തത്. ആ ചടങ്ങിന്റെ ഓർമ്മ പുതുക്കലിനോടൊപ്പം സർവ്വോദയ പ്രവർത്തകരുടെ ഒത്തുചേരലിന് ഒരവസരം എന്ന നിലയ്ക്ക്കൂടിയാണ് സർവ്വോദയ മേള എല്ലാ വർഷവും ഫെബ്രുവരി 12ന് തൊട്ടുമുമ്പുള്ള രണ്ടുമൂന്ന് ദിവസമുൾപ്പെടെയുള്ള ഏതാനും നാൾ നടത്തുന്നത്. ആ പതിവ് ഇത്തവണയും തെറ്റിച്ചില്ല എന്നതിൽ ഗാന്ധിയന്മാർക്ക് അഭിമാനിക്കാം. അതിനപ്പുറം എന്തുണ്ട് എന്ന ചോദ്യം ഗാന്ധിയൻമാർ സ്വയം ചോദിക്കേണ്ടതാണ്.

ലോകവ്യാപകമായി ഗാന്ധിയൻ ആശയങ്ങൾ കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒരു കാലഘട്ടമാണിതെന്ന് ഗാന്ധിയൻമാരും അഭിമാനത്തോടെ പറയാറുണ്ട്. കേരളത്തിൽ പോലും മുമ്പ് ഗാന്ധിയുടെ വിമർശകരായിരുന്നവർ തുറന്നമനസ്സോടെ ഗാന്ധിയെ മനസ്സിലാക്കാൻ ഇന്ന് ശ്രമിക്കുന്നുണ്ട്. ലോകത്തിന്റെ മറ്റു പലഭാഗങ്ങളിലുമെന്നപോലെ കേരളത്തിലും ഇന്നു നടക്കുന്ന വിവിധ ജനകീയ സമരങ്ങളിൽ ഒരു അന്തർധാരയായി ഗാന്ധി ദർശനങ്ങൾ വികസിച്ചുവരുന്നുണ്ട്. ഒന്നുകിൽ അഹിംസാത്മകമായ സമരരീതി

കളിലൂടെ, അല്ലെങ്കിൽ സമരങ്ങൾ മുന്നോട്ടു വയ്ക്കുന്ന ബദലുകളുടെ രൂപത്തിൽ ഗാന്ധിയൻ ചിന്തകൾ ഉണർന്നുവരികയാണ്. ഇന്നത്തെ വിവിധ ജനകീയ സമരങ്ങൾ സൂക്ഷ്മമായി വിലയിരുത്തിയാൽ അവ ഗാന്ധി തള്ളിപ്പറഞ്ഞ ആധുനിക നാഗരികതയുടെ പ്രതിസന്ധികളുടെ പ്രകടിതരൂപങ്ങളായ പല പ്രശ്നങ്ങൾക്കുമെതിരെ ഉയർന്നുവന്നവയാണെന്നു കാണാൻ കഴിയും. മാത്രമല്ല ജനകീയ സമരങ്ങൾ മുന്നോട്ടുവയ്ക്കുന്ന ബദലുകൾ ആധുനിക സംസ്കാരത്തിന് പകരമായുള്ള ഒരു സംസ്കാരത്തിലേക്കുള്ള ചൂണ്ടുപലകകളാണ്. കടുത്ത കമ്മ്യൂണിസ്റ്റ് സ്വാധീനമുണ്ടായിരുന്ന കേരളത്തിൽ പോലും ഇത് മനസ്സിലാക്കുന്നവരുടെ എണ്ണം

ഗാന്ധി ദർശനമെന്ന ഒരു സമഗ്ര ദർശനത്തിന്റെ അടിത്തറയും ഗാന്ധിജിക്ക് ജനമനസ്സുകളിലുള്ള ആദരവും ചെറിയ കാര്യങ്ങളല്ല. ഗാന്ധിയുടെ ഈ സ്വീകാര്യത ഗാന്ധിയന്മാർക്ക് ആരുമായും സംവദിക്കാനുള്ള വലിയ സാധ്യതയാണ് തുറന്നു തരുന്നത്. പക്ഷെ എന്തു പ്രയോജനം?

വർദ്ധിച്ചുവരികയാണ്. ഈ യാഥാർത്ഥ്യത്തിന്റെ പ്രകടമായ സൂചനയായിരുന്നു, ഹിന്ദ് സ്വരാജ് എന്ന ഗാന്ധിജിയുടെ അടിസ്ഥാന ഗ്രന്ഥത്തിന്റെ ശതാബ്ദി വർഷത്തിൽ അതിന്റെ മലയാള പരിഭാഷയുടെ കാൽലക്ഷം കോപ്പികൾ വിറ്റഴിഞ്ഞു എന്നത്. സർവ്വോദയ മേളയിൽ ഒത്തുകൂടുന്ന ഗാന്ധിയൻമാരിൽ എത്രപേർ ഈയൊരു വസ്തുതയുടെ ഗൗരവമുൾക്കൊള്ളുന്നുണ്ട്?

കേരളത്തിലെ ഗാന്ധിയൻ സംഘടനകൾ നിരവധിയുണ്ട്. പല രാഷ്ട്രീയ കക്ഷികൾക്കും ഇല്ലാത്ത വിധത്തിലുള്ള ഭൗതിക സംവിധാനങ്ങളുമുണ്ട്. ഉദാഹരണത്തിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ പ്രധാന നഗരങ്ങളുടെ ഹൃദയഭാഗത്ത് തന്നെ ഓഡിറ്റോറിയം സൗകര്യത്തോടുകൂടിയ വലിയ കെട്ടിട സമുച്ചയങ്ങൾ, ഉൾപ്രദേശങ്ങളിലും ചെറുപട്ടണങ്ങളിലും സ്വന്തം സ്ഥലവും കെട്ടിടങ്ങളുമുള്ള നിരവധി സെന്ററുകൾ. ഇതിനെല്ലാം പുറമെ ഗാന്ധി ദർശനമെന്ന ഒരു സമഗ്ര ദർശനത്തിന്റെ അടിത്തറയും ഗാന്ധിജിക്ക് ജനമനസ്സുകളിലുള്ള ആദരവും ചെറിയ കാര്യങ്ങളല്ല. ഗാന്ധിയുടെ ഈ സ്വീകാര്യത ഗാന്ധിയന്മാർക്ക് ആരുമായും സംവദിക്കാനുള്ള വലിയ സാധ്യതയാണ് തുറന്നു തരുന്നത്. പക്ഷെ എന്തു പ്രയോജനം?

കുറെ വർഷം മുമ്പ് കേരള സർക്കാർ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (ജിം) സംഘടിപ്പിച്ച സമയത്ത് കേരളത്തിൽ അതിനെതിരെ പല പ്രതിഷേധങ്ങളും നടന്നിരുന്നു. അതിൽ അർത്ഥവത്തായ മുദ്രാവാക്യമുയർത്താൻ സർവ്വോദയ മണ്ഡലത്തിനും കഴിഞ്ഞിരുന്നു. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (ജിം) അല്ല ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റ് (ലിം) ആണ് വേണ്ടതെന്ന മുദ്രവാക്യമുയർത്തി എറണാകുളത്ത് സർവ്വോദയ മണ്ഡലം നടത്തിയ കൺവെൻഷൻ ശ്രദ്ധിക്കപ്പെട്ടു. ഗാന്ധിയൻ പ്രസ്ഥാനം ശരിയായ ട്രാക്കിലേക്ക് വരുന്നതിന്റെ സൂചനയായി അന്നുപലരും ആ മുദ്രാവാക്യത്തെ കണ്ടു. എന്നാൽ കഴിഞ്ഞവർഷം കേരളസർക്കാർ ജിമ്മിന്റെ പുതിയ പതിപ്പായ എമർജിംഗ് കേരള എന്ന പരിപാടി നടത്തി. ഇത്തവണ ഗാന്ധിയൻമാർക്ക് ഒരു ദുർബ്ബല സ്വരം പോലും അതിനെതിരെ ഉയർത്താനായില്ല എന്നത് എന്തിന്റെ സൂചനയാണ്? ഗാന്ധിയന്മാർ മറുപടി പറയേണ്ട ചോദ്യമാണിത്.


ഇതുപോലെ ഏതെങ്കിലും ഒരു സന്ദർഭത്തിലെ നിശബ്ദതയെ മുൻനിർത്തി മാത്രമല്ല ഈ ചോദ്യം ഉന്നയിക്കുന്നത്. പുറത്തുനിൽക്കുന്നവർക്കുപോലും ഗാന്ധിയൻ സംഘടനകളുടെ ഉള്ളിലെ അന്തഃഛിദ്രങ്ങളുടെ കലപില ശബ്ദങ്ങൾ കേൾക്കാമെന്നായിട്ടുണ്ട്. ചില സംഘടനകളിൽ പിളർപ്പ്, മറ്റുചിലതിൽ കോടതി വ്യവഹാരങ്ങൾ, വേറെ ചിലതിൽ അധികാരത്തർക്കങ്ങൾ. ഗാന്ധിയെ പുതിയ കാലത്ത് എങ്ങനെ അവതരിപ്പിക്കണമെന്നതു സംബന്ധിച്ച് തുറന്ന അന്വേഷണം നടത്തുന്നവർ ഇന്ന് ഗാന്ധിയൻ സംഘടനകൾക്കൊപ്പമില്ല. പലരും ഗാന്ധിയൻ സംഘടനകളിൽ നിന്നു പുറത്തുവരുന്നു, അകത്തുള്ളവർ വിമ്മിഷ്ടമനുഭവിക്കുന്നു.

ചലനാത്മകതയോടെ ഗാന്ധി ദർശനത്തെ ജനമധ്യത്തിലവതരിപ്പിക്കാൻ ശ്രമിക്കുന്നവരെ ആകർഷിക്കാൻ ഗാന്ധിയൻ സംഘടനകൾക്കെന്തുകൊണ്ടാവുന്നില്ല എന്ന ചോദ്യം സ്വയം ചോദിക്കാൻ ഇനി എത്ര സർവ്വോദയ മേളകളിൽ ഗാന്ധിയൻമാർ വട്ടമിട്ടിരിക്കണം? ■

## സർവ്വോദയ മേള

മലപ്പുറം ജില്ലയിലെ തിരുനാവായയിൽ 1948 ഫെബ്രുവരി 12ന് മഹാത്മാ ഗാന്ധിയുടെ ചിതാഭസ്മം നിമജ്ജനം ചെയ്തതുമുതൽ എല്ലാവർഷവും ഫെബ്രുവരി 10, 11,12 തീയതികളിൽ ഈ നിളാ മണൽപ്പുറത്ത് സർവ്വോദയ മേള നടത്തിവരുന്നു. ഇന്ത്യയുടെ നാനാഭാഗത്തുനിന്നും സർവോദയ-ഗാന്ധിയൻ പ്രവർത്തകർ മേളയിൽ പങ്കെടുക്കാനെത്തും.

## പുസ്തകം കൈപ്പറ്റി



**നെൽകൃഷി ജൈവരീതിയിൽ**
**കെ.പി. ഇല്യാസ്**
പ്രസാധനം: തണൽ, തിരുവനന്തപുരം
സംഭാവന: 80 രൂപ